**Kudumbashree**
*State Poverty Eradication Mission*
Local Self Govt.Department, Govt.of Kerala

കെ.എസ്.സി/304/2009 .11.12..2013

# സർക്കുലർ

വിഷയം: കുടുംബശ്രീ - മൈക്രോ ഫൈനാൻസ് -കമ്മ്യൂണിറ്റി മോണിറ്ററിംഗ് വ്യവസ്ഥ- സംബന്ധിച്ച്

സൂചന: 5/7/2012-ലെ ഇതേ നമ്പർ സർക്കുലർ

സൂചന (1) പ്രകാരം സിഡിഎസ് തലത്തിൽ പ്രത്യേക തിരിച്ചടവ് മോണിറ്ററിംഗ് കമ്മിറ്റി ഒരു സ്ഥിര സംവിധാനമായി രൂപീകരിക്കുവാൻ സംസ്ഥാന മിഷൻ ഉത്തരവായിട്ടുണ്ടായിരുന്നു. കൃത്യമായ തിരിച്ചടവ് ഉറപ്പുവരുത്തുവാൻ കുടുംബശ്രീ മിഷൻ ബാധ്യസ്ഥരാണ്. സിഡിഎസ്സിലെ അയൽക്കൂട്ടങ്ങൾ ബന്ധപ്പെടുന്ന എല്ലാ ബാങ്കുകളിലും ബാങ്ക് മാനേജർമാരെ ഉൾപ്പെടുത്തി പ്രസ്തുത കമ്മിറ്റി രൂപീകരിക്കേണ്ടതാണ്. സുചന (1) പ്രകാരം പ്രസ്തുത കമ്മിറ്റിയിൽ താഴെപറയുന്ന അംഗങ്ങൾ ഉണ്ടായിരിക്കണം: '

(1) സിഡിഎസ് ചെയർപേഴ്സൺ
(2) ബാങ്ക് മാനേജർ
(3) സി.ഡി.എസ് വൈസ് ചെയർപേഴ്സൺ
(4) മെമ്പർ സെക്രട്ടറി
(5) സിഡിഎസ് അക്കൗണ്ടന്റ്

ഇവരെ കൂടാതെ ജില്ലാമിഷൻ പ്രതിനിധി (ബ്ലോക്ക് കോർഡിനേറ്റർ)യും കമ്മിറ്റിയിൽ അംഗമായിരിക്കുന്നതാണ്.

കമ്മിറ്റിയുടെ ചുമതലകൾ

ഓരോ മാസവും ആദ്യത്തെ ആഴ്ചയിൽ തന്നെ പ്രസ്തുത കമ്മിറ്റി ബാങ്ക് മാനേജരുടെ സാന്നിദ്ധ്യത്തിൽ ബാങ്ക് ഓഫീസ് പരിസരത്തു മീറ്റിംഗ് കൂടേണ്ടതാണ്.

Trida Buildings, Medical College P.O., Thiruvananthapuram-695 011
Tel: 0471-2554714, 2554715 (O) Fax: 0471-2554717 e-mail: info@kudumbashree.org
www.kudumbashree.org

സി.ഡി.എസ് വൈസ് ചെയർപേഴ്സൺ പ്രസ്തുത യോഗത്തിന്റെ കൺവീനറായിരിക്കും. കുടുംബശ്രീയും ബാങ്കുമായി ബന്ധപ്പെട്ട വിഷയങ്ങൾ മീറ്റിംഗിൽ ചർച്ചയ്ക്കു വിധേയമാക്കേണ്ടതാണ്. മീറ്റിംഗിന്റെ ഭാഗമായി മിനിട്ട്സ് ബുക്ക് സൂക്ഷിക്കേണ്ടതാണ്.

സിഡിഎസ് ചെയർപേഴ്സൺ പ്രസ്തുത കമ്മിറ്റി രൂപീകരിക്കുമെന്നത് ഉറപ്പുവരുത്തുകയും എല്ലാ മാസവും കൂടുന്നുവെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ ജില്ലയിൽ ഇത്തരം യോഗങ്ങൾ കൃത്യമായി കൂടുന്നുവെന്ന് ഉറപ്പുവരുത്തണം. ഇതിനായി ബ്ലോക്ക് കോ-ഓർഡിനേറ്റർക്ക് ചുമതല നൽകേണ്ടതാണ്. (എംകെഎസ്പി പദ്ധതിയിൽ ജെഎൽജികൾ ബാങ്കുമായി ലിങ്കേജ് വരുന്നതിനാൽ എംകെഎസ്പി കോ-ഓർഡിനേറ്റർക്ക് ചുമതല നൽകുന്നത് ഉചിതമായിരിക്കും)

പ്രസ്തുത മീറ്റിംഗ് മിനിട്ട്സ് രേഖകൾ എല്ലാ മാസവും ജില്ലാ മിഷനിലെ എഡിഎംസി (എംഎഫ്), കൺസൾട്ടന്റ് (എംഎഫ്), പരിശോധിക്കേണ്ടതാണ്.

പ്രസ്തുത കമ്മിറ്റിയുടെ പ്രവർത്തനം സംബന്ധിച്ച സംഗ്രഹ റിപ്പോർട്ട് ജില്ലാമിഷൻ എല്ലാമാസവും സംസ്ഥാന മിഷനിൽ ലഭ്യമാക്കേണ്ടതാണ്. സി.ഡി.എസ് കോർ കമ്മിറ്റിയിൽ ഈ വിഷയം എല്ലാ മാസവും ചർച്ച ചെയ്യേണ്ടതാണ്.

**(ഒപ്പ്)**
**എക്സിക്യൂട്ടീവ് ഡയറക്ടർ(i/c)**
**കുടുംബശ്രീ**

**എല്ലാ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർമാർക്കും**

<u>പകർപ്പ്</u>

1) *എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും*
2) *അക്കൗണ്ട്സ് സെക്ഷൻ*
3) *കരുതൽ/അധികം*
4) *എസ്.എൽ.ബി.സി*

*അംഗീകാരത്തോടെ,*

*അക്കൗണ്ട്സ് ഓഫീസർ*